**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഞ്ചേരി നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ അഞ്ച് എൽ.ഡി.ക്ലർക്കുമാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.530/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.02.2017.

---

പരാമർശം : 1. GO(P) No. 28/2016/Fin dated. 26/2/2016

2. മഞ്ചേരി നഗരസഭ ചെയർപേഴ്സൺ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മുമ്പാകെ സമർപ്പിച്ച 11.01.2017 ലെ കത്ത്.

3. മഞ്ചേരി നഗരസഭ കൗൺസിലിന്റെ 24.11.2016 തീയതിയിലെ 1-ാം നമ്പർ പ്രമേയം.

**ഉത്തരവ്**

മഞ്ചേരി നഗരസഭയിൽ നികുതിപിരിക്കുന്നതിന് ജീവനക്കാരുടെ കുറവ് ഉള്ളതുകൊണ്ട് ഈ ആവശ്യത്തിനായി താല്ക്കാലികാടിസ്ഥാനത്തിൽ അഞ്ച് എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരെ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരുന്നു. പരാമർശം3 പ്രകാരം നഗരസഭ കൗൺസിലും ഇക്കാര്യത്തിൽ പ്രമേയം പാസ്സാക്കിയിരുന്നു.

2. ഈ ആവശ്യത്തിനായി അധിക തസ്തിക ഇതുവരെയും അനുവദിച്ച് നൽകിയിട്ടില്ല. ഒന്നാമത് പരാമർശിച്ച ഉത്തരവ് പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ താല്ക്കാലികജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്, ഈ സാഹചര്യത്തിൽ പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും, താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകൾക്കു വിധേയമായും, ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വഹിക്കണമെന്ന വ്യവസ്ഥയിലും അഞ്ച് എൽ.ഡി.ക്ലർക്കുമാരെ മഞ്ചേരി നഗരസഭയിൽ നികുതിപിരിവ് നടത്തുന്നതിനായി 179 ദിവസത്തേക്ക് താല്ക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.